## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2230** | **04.11.2019 - ൽ മറുപടിക്ക്.**

## ഭൂമിയില്ലാത്തവരെ മുൻഗണനാ കാർഡിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** പാറശ്ശാല നിയോജക മണ്ഡലത്തിൽ, സ്വന്തമായി ഭൂമിയില്ലാത്തവരെ റേഷൻ കാർഡിൽ പൊതുവിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതുമൂലം സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സ്ഥിതിവിശേഷം നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** ഉണ്ട്. |
| **(ബി)** ഇത്തരക്കാർക്ക് ഇതിലൂടെ ആവശ്യത്തിന് റേഷൻ സാധനങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം അറിയാമോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | **(ബി)** ഇത്തരക്കാരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ NFSA പ്രകാരമുള്ള റേഷൻ സാധനങ്ങൾക്ക് അർഹതയുണ്ടാകുകയുള്ളൂ. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനായി അപേക്ഷകൾ സ്വീകരിക്കുകയും ആയതിന്മേൽ അദാലത്തുകൾ സംഘടിപ്പിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ഉള്ളവരുടെ പട്ടിക തയ്യാറാക്കി അനർഹരെ ഒഴിവാക്കുന്നതുവഴി ലഭിക്കുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തി വരുന്നു. ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ ഭൂമിയില്ലാത്ത കുടുംബത്തിന് 10 മാർക്ക് വെയിറ്റേജ് വഴി ലഭിക്കുന്നു. |
| **(സി)** ഇത്തരത്തിൽ കാർഡിൽ തിരുത്തൽ വരുത്തുന്നതിനായി നാളിതുവരെ എത്ര അപേക്ഷകൾ | **(സി)** ഭൂമിയില്ലാത്തവരിൽ നിന്നും പാറശ്ശാല നിയോജകമണ്ഡലത്തിൽ ലഭ്യമായ മൊത്തം അപേക്ഷകൾ - 257 |

| | |
|---|---|
| ലഭിച്ചിട്ടുണ്ടെന്നും, അതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്താണെന്നുമുള്ളത് പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | പഞ്ചായത്ത് അടിസ്ഥാനത്തിൽ<br>വെള്ളറട - 112<br>പാറശ്ശാല - 90<br>കുന്നത്തുകാൽ - 30<br>കൊല്ലയിൽ - 25<br>മറ്റ് പഞ്ചായത്തുകൾ - ഇല്ല<br>ആകെ 257<br><br>മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാൻ അർഹരാണെന്ന് കണ്ടെത്തിയവരെ ഒഴിവുകൾ വരുന്ന മുറയ്ക്ക് ടി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**